മഹാത്മാഗാന്ധി സർവ്വകലാശാല
പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 സെപ്റ്റംബർ 29

# വാർത്താക്കുറിപ്പ്

---

## ഡോ. നന്ദകുമാർ കളരിക്കലിന് ഫുൾബ്രൈറ്റ് നെഹ്റു ഫെലോഷിപ്പ്

മഹാത്മാ ഗാന്ധി സർവകലാശാല സിൻഡിക്കേറ്റ് അംഗവും പ്യുവർ ആൻറ് അപ്ലൈഡ് ഫിസിക്സിലെ സീനിയർ പ്രഫസറുമായ ഡോ. നന്ദകുമാർ കളരിക്കലിന് ഫുൾബ്രൈറ്റ് നെഹ്റു ഇൻറർനാഷണൽ എജ്യുക്കേഷൻ അഡ്മിനിസ്ട്രേറ്റേഴ്സ് സെമിനാർ ഫെലോഷിപ്പ്.

ഇന്ത്യയിലെ സർവകലാശാലകളിലും കോളേജുകളിലും അഡ്മിനിസ്ട്രേഷൻ മേഖലയിൽ മികവു പുലർത്തുന്നവർക്കായി യു.എസ്ഇന്ത്യ എജ്യുക്കേഷൻ ഫൗണ്ടേഷൻ ഏർപ്പെടുത്തിയ ഫെലോഷിപ്പിന് ഇദ്ദേഹം ഉൾപ്പെടെ 11 പേരാണ് ഇന്ത്യയിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ടത്.

ഇന്ന്(സെപ്റ്റംബർ 30) അമേരിക്കയിലേക്ക് പോകുന്ന ഡോ. നന്ദകുമാറിന് രണ്ടാഴ്ച്ചക്കാലം അവിടുത്തെ ഉന്നതവിദ്യാഭ്യാസ മേഖലയെ അടുത്തറിയുന്നതിനും ഇന്ത്യൻ വിദ്യാഭ്യാസ രംഗത്തെക്കുറിച്ചുള്ള അറിവുകൾ പങ്കുവയ്ക്കുന്നതിനും അവസരം ലഭിക്കും.

ശാസ്ത്ര ഗവേഷണ, അധ്യാപന മേഖലകളിൽ മികവു തെളിയിച്ചിട്ടുള്ള ഡോ. നന്ദകുമാർ മൂന്നു പതിറ്റാണ്ടായി എം.ജി സർവകലാശാലയിൽ സേവനമനുഷ്ഠിക്കുന്നു. ഇൻറർനാഷണൽ ആൻറ് ഇൻർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോ സയൻസ് ആൻറ് നാനോ ടെക്നോളജി ഡയറക്ടർ, സെനറ്റ്, ഐ.ക്യു.എ.സി, യൂണിവേഴ്സിറ്റി റിസർച്ച് കമ്മിറ്റി എന്നിവയിൽ അംഗം, ഫിസിക്സ് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ തുടങ്ങിയ ചുമതലകളും വഹിച്ചിട്ടുണ്ട്.

ഫ്രാൻസിലെ ലൊറെയ്ൻ സർവകലാശലയിൽ പ്രഫസർ, ക്ലൗഡ് ബെർനാഡ് ലിയോൺ യൂണിവേഴ്സിറ്റിയിൽ സി.എൻ.ആർ.എസ് പ്രഫസർ തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചിട്ടുള്ള ഇദ്ദേഹം വിവിധ വിദേശ സർവകലാശാലകളിൽ വിസിറ്റിംഗ് പ്രഫസറുമാണ്.

(പി.ആർ.ഒ./39/13 91/2022)

## സ്പോട്ട് അലോട്ട്മെൻറ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോസയൻസസിൽ എം.എസ്.സി ബയോഫിസിക്സ് കോഴ്സിൽ ജനറൽ, എച്ച്.ഒ.ബി.സി. വിഭാഗങ്ങളിൽ ഒരോ ഒഴിവുണ്ട്.

കഴിഞ്ഞ മെയ് 27, 29 തീയതികളിൽ സർവകലാശാല നടത്തിയ എൻട്രൻസ് പരീക്ഷയുടെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടവർ ഒക്ടോബർ 10ന് രാവിലെ 11 ന് യോഗ്യതാ സർട്ടിഫിക്കറ്റുകളുടെ അസ്സൽ രേഖകളുമായി വകുപ്പ് ഓഫീസിൽ എത്തണം.

(പി.ആർ.ഒ./39/13 92/2022)

## പരീക്ഷ മാറ്റി

സെപ്റ്റംബർ 30 ന് നടത്താനിരുന്ന രണ്ടാം സെമസ്റ്റര് ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2021 അഡ്മിഷന് - റഗുലര് , 2018 മുതല് 2020 വരെ അഡ്മിഷനുകള് - സപ്ലിമെന്ററി) കോഴ്സിന്റെ ലേണിംഗ് ആന്റ് ടീച്ചിംഗ് പരീക്ഷ ഒക്ടോബർ 14 ലേക്ക് മാറ്റി. പരീക്ഷാ കേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ./39/13 93/2022)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒക്ടോബർ 10 ന് നടക്കുന്ന അഫിലിയേറ്റഡ് കോളേജുകളിലെ നാലാം സെമസ്റ്റര് എം.എസ്സി കമ്പ്യൂട്ടർ എൻജിനീയറിംഗ് ആന്റ് നെറ്റ്വർക്ക് ടെക്നോളജി - സി.എസ്.എസ്. (2019 അഡ്മിഷന് - സപ്ലിമെന്ററി) പരീക്ഷകൾക്ക് പിഴ കൂടാതെ ഒക്ടോബര് ആറു വരെയും പിഴയോടു കൂടി ഒക്ടോബര് ഏഴിനും സൂപ്പർഫൈനോടു കൂടി ഒക്ടോബര് 10 വരെയും അപേക്ഷ നൽകാം. പരീക്ഷാ ഫീസിനു പുറമെ പേപ്പറൊന്നിന് 50 രൂപ നിരക്കില് സി.വി. ക്യാമ്പ് ഫീസ് അടയ്ക്കണം.

(പി.ആർ.ഒ./39/13 94/2022)

## പ്രാക്ടിക്കൽ പരീക്ഷ

കഴിഞ്ഞ ജൂണിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.വോക് ഫാഷൻ ടെക്നോളജി (2021 അഡ്മിഷൻ - റഗുലർ) പരീക്ഷയുടെ മാറ്റി വച്ച പ്രാക്ടിക്കൽ പരീക്ഷകൾ ഒക്ടോബർ ആറു മുതൽ പാലാ അൽഫോൻസാ കോളേജിൽ വച്ച് നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/13 95/2022)

## പ്രാക്ടിക്കൽ, വൈവ

ഒന്നാം വർഷ ബി.പി.ടി. (2008 അഡ്മിഷൻ മുതൽ - സപ്ലിമെന്ററി, മെഴ്സി ചാൻസ് - ഓഗസ്റ്റ് 2022) പരീക്ഷയുടെ പ്രാക്ടിക്കൽ / വൈവാ വോസി പരീക്ഷ ഒക്ടോബർ 10 മുതൽ നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/13 96/2022)

മൂന്നാം സെമസ്റ്റർ എം.എസ്സി ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2020 അഡ്മിഷൻ - റഗുലർ, 2017 മുതൽ 2019 വരെ അഡ്മിഷൻ - സപ്ലിമെന്ററി, 2016 അഡ്മിഷൻ - ഒന്നാം മെഴ്സി ചാൻസ് - സെപ്റ്റംബർ 2022) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഒക്ടോബർ 10 ന് നടക്കും.

(പി.ആർ.ഒ./39/13 97/2022)

## പരീക്ഷാ ഫലം

ഈ വർഷം ജനുവരിയിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്.സി. ആക്ച്വരിയൽ സയൻസ്, (സി.എസ്.എസ് : 2020 അഡ്മിഷൻ - റഗുലർ , 2019 അഡ്മിഷൻ - സപ്ലിമെന്ററി), എം.എസ്.സി എൻവയോൺമെന്റൽ സയൻസ് ആന്റ് മാനേജ്മെന്റ് (സി.എസ്.എസ് റഗുലർ, സപ്ലിമെന്ററി) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഒക്ടോബർ 14 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

2021 ഡിസംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.ബി.എ. സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.
പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനക്കും നിശ്ചിത ഫീസ് സഹിതം ഒക്ടോബർ 14 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/13 98/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**